LIBRARY ARCHIVES Kerala Legislative Assembly

മലബാറിലെ തീയ്യ ജാതിയായ തണ്ടാൻമാർ

364. [548] ശ്രീമതി ഗൗരിഭായി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മലബാറിലെ തീയ്യ ജാതിയായ തണ്ടാൻമാർക്ക് തിരു—കൊച്ചി പ്രദേശത്തെ തണ്ടാർ വിഭാഗത്തിനു നൽകുന്ന പട്ടികജാതി—പട്ടികവർഗ്ഗ ആനുകൂല്യം അനുവദിച്ചുകൊടുത്തതുമൂലം പട്ടികജാതിക്കാർക്ക് ഗണ്യമായതോതിൽ ഉദ്യോഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യഥാർത്ഥ പട്ടികജാതി—പട്ടികവർഗ്ഗത്തിനു കിട്ടേണ്ട അർഹമായ വിഹിതം മറ്റു വിഭാഗങ്ങൾക്കുകൊടുക്കുന്നതുമൂലം പട്ടികജാതിക്കാർക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഉദ്യോഗങ്ങൾ ലഭ്യമാക്കുന്നതിന് മറെറന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) പട്ടികജാതിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണ ശതമാനം തുടർന്നും ലഭ്യമാകുന്നതിന് സത്വര നടപടി സ്വീകരിക്കുന്ന കാര്യം അനുഭവപൂർവ്വം പരിഗണിക്കുമോ ?

ഉത്തരം

(എ) മലബാറിലെ തീയ്യ ജാതിയായ തണ്ടാൻമാർക്ക് പട്ടികജാതി ലിസ്റ്റിൽപ്പെട്ട തണ്ടാൻമാർക്കുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടില്ല. 1976-ലെ പട്ടികജാതി—പട്ടികവർഗ്ഗ ഉത്തരവ് (ഭേദഗതി) നിയമപ്രകാരം സംസ്ഥാനമൊട്ടാകെയുള്ള തണ്ടാൻമാർ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹരാണ്.

(ബി) യഥാർത്ഥ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് കിട്ടേണ്ട അർഹമായ വിഹിതം മറ്റു വിഭാഗങ്ങൾക്ക് കൊടുക്കുന്നില്ല.

(സി) പട്ടികജാതിക്കാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണ ശതമാനത്തിൽ മാറ്റം വരുത്താനുള്ള യാതൊരു നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലില്ല.

വെള്ളനാട് ബ്ലോക്കതിർത്തിയിൽ നിന്നും ബിസിനസ് ലോണിന് അപേക്ഷ നൽകിയിരുന്നവർ

365. [549] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ വെള്ളനാട് ബ്ലോക്കതിർത്തിയിലുള്ള അപേക്ഷകർ ഹരിജൻ ഗിരിജൻ ഡവലപ്പുമെന്റ് കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിൽ ബിസിനസ് ലോണിന് അപേക്ഷ നൽകിയിരുന്നുവോ ;

(ബി) അവ ബന്ധപ്പെട്ട ബാങ്കുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) നെടുമങ്ങാട് താലൂക്കിന്റെ അതിർത്തിയിലുള്ളവർ അപേക്ഷ സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞതിനുശേഷം നൽകിയ മറ്റ് ബ്ലോക്ക് അതിർത്തിയിലുള്ളവരുടെ അപേക്ഷകൾ മാസങ്ങൾക്ക് മുമ്പ് തന്നെ ബന്ധപ്പെട്ട ബാങ്കുകൾക്കു അയച്ചുകൊടുത്തിട്ടും ഇവ അയയ്ക്കപ്പെട്ടില്ല എന്നറിയുന്നത് ശരിയാണോ ;

(ഇ) എങ്കിൽ ഈ വിവേചനം അവസാനിപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ ?